(ബി) എല്ലാ അംഗങ്ങളും സഹകരണ സംഘങ്ങളായിട്ടുള്ള മൾട്ടി സ്റ്റേറ്റ് സഹകരണ സംഘമാണെങ്കിൽ, ഒരു സംസ്ഥാനത്തുമാത്രം രജിസ്റ്റർ ചെയ്യപ്പെട്ടവയല്ലാത്ത കുറഞ്ഞത് അഞ്ച് സഹകരണ സംഘങ്ങളുടെ ചുമതലപ്പെടുത്തിയ പ്രതിനിധികൾ.

(സി) ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘവും മറ്റ് സഹകരണ സംഘങ്ങളും അംഗങ്ങളായുള്ള മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടതെങ്കിൽ പ്രസ്തുത ഓരോ സംഘത്തിലേയും പ്രത്യേകം ചുമതലപ്പെടുത്തിയ പ്രതിനിധികൾ.

(ഡി) മറ്റു സഹകരണ സംഘങ്ങളും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും വ്യക്തികളും അംഗങ്ങളായിട്ടുള്ള മൾട്ടി സ്റ്റേറ്റ് സഹകരണ സംഘമാണെങ്കിൽ ഒന്നോ, രണ്ടോ അതിൽ കൂടുതലോ സംസ്ഥാനങ്ങളിൽ നിന്നുള്ള 50 വ്യക്തികളോ, രണ്ടോ അതിൽ കൂടുതലോ സംസ്ഥാനങ്ങളിൽ നിന്നോ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിൽ നിന്നോ ഓരോ സഹകരണ സംഘവും

പ്രസ്തുത നിയമത്തിലെ വകുപ്പ് 6 (3) പ്രകാരം അപേക്ഷയോടൊപ്പം പ്രസ്തുത സംഘത്തിന്റെ നിർദ്ദിഷ്ട ബൈലായുടെ നാല് പകർപ്പും കൂടി സമർപ്പിക്കേണ്ടതാണ്.

രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയിൽ തീർപ്പുകൽപ്പിക്കുന്നത് കേന്ദ്ര സഹകരണസംഘം രജിസ്ട്രാറാണ്.

ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ ജീവനക്കാർക്ക് പെൻഷൻ

157 [3683] *ശ്രീ. ടി. എം. ജേക്കബ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ ജീവനക്കാർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ശമ്പള പരിഷ്ക്കരണ കമ്മിറ്റി ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ ജീവനക്കാർക്ക് സർക്കാർ നടപ്പിലാക്കിയിട്ടുള്ള സാശ്രയ പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ ലഭിക്കുന്നില്ല. ടി ജീവനക്കാർക്ക് ഇ.പി.എഫ്. പദ്ധതി പ്രകാരം ഉള്ള കേന്ദ്ര പെൻഷൻ നിലവിലുണ്ട്.

(ബി) ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരെ ടി പദ്ധതിയിൽ നിന്നും ഒഴിവാക്കി സർക്കാർ നടപ്പിലാക്കിയിട്ടുള്ള സാശ്രയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) & (ഡി) ശമ്പള പരിഷ്ക്കരണ കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടില്ല.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

158 [3684] *ശ്രീ. ടി. കെ. ബാലൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ കുടിശ്ശികയ്ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏതെല്ലാം സ്വഭാവത്തിലുള്ള സംഘങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സർക്കാർ അനുവദിച്ച തുക എത്രയാണ്;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനുള്ള തുക സർക്കാർ അനുവദിക്കുമോ?

ഉത്തരം

(എ) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ മാത്രമേ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലുള്ളൂ.

(ബി) നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) & (ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly